# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/255/2018 2018 നവംബർ 28

## എം.ജി. വാർത്താക്കുറിപ്പ്

## കാൽപ്പന്തുകളിയിൽ വിസ്മയമൊരുക്കി എം.ജി.യുടെ ഭിന്നശേഷി ടീം

### – കേരളത്തിലെ ആദ്യ സർവകലാശാലതല ഭിന്നശേഷി ഫുട്ബോൾ ടീം

ഭിന്നശേഷിക്കാരുടെ ഫുട് ബോൾ ടീമൊരുക്കി മഹാത്മാ ഗാന്ധി സർവകലാശാല . സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെന്ററിന്റെ നേതൃത്വത്തിലാണ് ഒൻപതംഗ ടീം കളത്തിലിറങ്ങുക . കേരളത്തിൽ ആദ്യമായാണ് സർവകലാശാല തലത്തിൽ ഭിന്നശേഷിക്കാരുടെ ഫുട് ബോൾ ടീം രൂപീകരിച്ചത് . സർവകലാശാലാ ഗ്രൗണ്ടിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് കിക്കോഫ് ചെയ്ത് ഇവരുടെ പരിശീലനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

15 പേർക്കാണ് പരിശീലനം നൽകിയത് . ഇതിൽ നിന്ന് ഒൻപതുപേരാണ് കളത്തിലിറങ്ങുന്നത് . നിബിൻ രാജുവാണ് ഗോളി . സെബിൻ തോമസ്, റ്റിബു തോമസ്, അമൽ റെജി, എസ്. ശരത്, യദുകൃഷ്ണൻ, നിശാന്ത് ശിവൻ, ഷാജി പണിക്കർ, വിഷ്ണു മോഹൻ എന്നിവരാണ് ടീമംഗങ്ങൾ . സ്പെഷൽ എജ്യൂക്കേഷൻ അധ്യാപകനായ താൻസൺ പി. തോമസാണ് ഇവർക്ക് പരിശീലനം നൽകുന്നത്. ജഴ്സിയും ബൂട്ടുമടക്കമുള്ള സൗകര്യങ്ങളൊരുക്കിക്കൊടുത്ത് സ് കൂൾ ഓഫ് ബിഹേവിയറൽ സയൻസ് ഡയറക്ടർ കെ . മുഹമ്മദ് മുസ്തഫയും സ്പെഷൽ എജ്യൂക്കേറ്റർ സോഫിയ ജോസഫും ഇവർക്ക് പ്രോത്സാഹനമേകുന്നു.

സർവകലാശാല ഗ്രൗണ്ടിലാണ് പരിശീലനം നൽകുന്നത് . ഇന്നും നാളെയും (നവംബർ 29, 30) പാമ്പാടിയിൽ നടക്കുന്ന ഫുട് ബോൾ മത്സരത്തിൽ എം .ജി.യുടെ ടീമിറങ്ങും . നല്ല രീതിയിൽ പരിശീലനം നേടിയിട്ടുണ്ടെന്നും വിജയം ഉറപ്പാണെന്നും ടീമംഗം സെബിൻ തോമസ് പറഞ്ഞു.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെന്ററിന്റെ ഭിന്നശേഷി ഫുട്ബോൾ ടീമിന്റെ പരിശീലനോദ്ഘാടനം സർവകലാശാല മൈതാനത്ത് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് കിക്കോഫ് ചെയ്ത് നിർവഹിക്കുന്നു**

### പരീക്ഷ തീയതി

ഒന്നാം വർഷ ബി .എസ്സി. എം.ആർ.ടി. സപ്ലിമെന്ററി (2016 അഡ്മിഷൻ/2016ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾ ഡിസംബർ 18ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഡിസംബർ മൂന്നു വരെയും 500 രൂപ പിഴയോടെ നാലു വരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ എം .എസ്‌സി. ( സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ /2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി /2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷകൾ ഡിസംബർ 12ന് ആരംഭിക്കും. ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയാണ് പരീക്ഷ. ( വെള്ളിയാഴ്ചകളിൽ രണ്ടു മുതൽ അഞ്ചു വരെ ) വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

മൂന്നാം സെമസ്റ്റർ എം.എ./എം.സി.ജെ./എം.എസ്.ഡബ്ല്യൂ./എം.ടി.എ./എം.ടി.ടി.എം. (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ /2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി /2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് ) പരീക്ഷകൾ ഡിസംബർ 12ന് ആരംഭിക്കും . ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയാണ് പരീക്ഷ . ( വെള്ളിയാഴ്ചകളിൽ രണ്ടു മുതൽ അഞ്ചു വരെ ) വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

മൂന്നാം സെമസ്റ്റർ എം .കോം. ( സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ /2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി /2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് ) പരീക്ഷകൾ ഡിസംബർ 12ന് ആരംഭിക്കും. ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയാണ് പരീക്ഷ. ( വെള്ളിയാഴ്ചകളിൽ രണ്ടു മുതൽ അഞ്ചു വരെ ) വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

2018 ഒക്ടോബർ/നവംബർ ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ഡിസംബർ 17നും ബിരുദാനന്തര ബിരുദ പരീക്ഷകൾ ഡിസംബർ 20നും ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## വൈവാവോസി

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിലെ എൽ .എൽ.എം (ഏകവത്സരം - 2017-18 അഡ്മിഷൻ) കോഴ്സിന്റെ അവസാന സെമസ്റ്റർ വൈവാ വോസി പരീക്ഷ നവംബർ 29ന് രാവിലെ 10ന് നടക്കും.

## പുനർമൂല്യനിർണയവും സൂക്ഷ്മപരിശോധനയും

2009 പ്രവേശനബാച്ചിന്റെ മൂന്നാം സെമസ്റ്റർ ബി .എ. (സി.ബി.സി.എസ്.എസ്.) സപ്ലിമെന്ററി (ഒക്ടോബർ 2017) പരീക്ഷയെഴുതിയ വിദ്യാർഥികളുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 10 വരെ അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധന

2018 മെയിൽ വിവിധ വിഷയങ്ങളിൽ നടന്ന ബി .ടെക് ആറാം സെമസ്റ്റർ പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർഥികൾ നവംബർ 30, ഡിസംബർ ഒന്ന് തീയതികളിൽ സിൽവർ ജൂബിലി പരീക്ഷാഭവനിലെ റൂം നമ്പർ 223ൽ അസൽ രേഖകളുമായി പരിശോധനയ്ക്ക് എത്തണം.

## പരീക്ഷഫലം

2018 ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം .എസ്‌സി. സുവോളജി - സ്പെഷൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി .ബി.സി.എസ്. ബി.ബി.എ., ബി.ബി.എം., ബി.ടി.എസ്., ബി.എസ്.ഡബ്ല്യൂ., ബി.എഫ്.ടി. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

## ഭിന്നശേഷി സംയോജിത ദുരന്ത നിവാരണം; ഏകദിന ചർച്ച ക്ലാസ്

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും ആലുവ തണൽ പാലിയേറ്റീവ് കെയർ സെന്ററും സംയുക്തമായി 'ഭിന്നശേഷി സംയോജിത ദുരന്ത നിവാരണം' എന്ന വിഷയത്തിൽ ഏകദിന ചർച്ച ക്ലാസ് സംഘടിപ്പിക്കുന്നു. മഹാത്മാ ഗാന്ധി സർവകലാശാല ഐ .യു.സി.ഡി.എസിൽ ഡിസംബർ 4ന് നടക്കുന്ന ചർച്ചക്ലാസിൽ അധ്യാപകർ , ഭിന്നശേഷിയുള്ളവർക്കായി പ്രവർത്തിക്കുന്ന സംഘടനയുടെ പ്രവർത്തകർ , വിദ്യാർഥികൾ, ഭിന്നശേഷിക്കാർ, ദുരന്തനിവാരണ പ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്നവർ എന്നിവർക്ക് പങ്കെടുക്കാം . വിശദവിവരത്തിന് ഫോൺ: 9495213248, 9947922791, 9995582671.

## പുസ്തക പ്രകാശനം

ഡോ. കെ.എം.മുസ്തഫ എഡിറ്റ് ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് പുറത്തിറക്കിയ 'എജ്യൂക്കേഷൻ ആന്റ് റീഹാബിലിറ്റേഷൻ ഓഫ് ഡിഫറന്റ് ലി ഏബിൾഡ്: ആക്ടസ് ആന്റ് പ്രൊവിഷൻസ് ' എന്ന പുസ്തകം മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റംഗം ഡോ . എ. ജോസ് പ്രകാശനം ചെയ്തു . ബഹർ അൽഗസർ സർവകലാശാലയിലെ അധ്യാപകൻ ഡോ . വൂറോക് ചാൻ മലിത് പുസ്തകം ഏറ്റുവാങ്ങി . ഡോ. അമീൻ അലി അൽ ജമാൽ അധ്യക്ഷത വഹിച്ചു . ഡോ. കെ.എം. മുസ്തഫ പുസ്തകം പരിചയപ്പെടുത്തി . പി. ഷിബി, എ.എം. അനഘ, ജിബിൻ ജോർജ് എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**ഡോ. കെ.എം.മുസ്തഫ എഡിറ്റ് ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് പുറത്തിറക്കിയ 'എജ്യൂക്കേഷൻ ആന്റ് റീഹാബിലിറ്റേഷൻ ഓഫ് ഡിഫറന്റ്ലി ഏബിൾഡ്: ആക്ടസ് ആന്റ് പ്രൊവിഷൻസ് എന്ന പുസ്തകം ബഹർ അൽഗസർ സർവകലാശാലയിലെ അധ്യാപകൻ ഡോ. വൂറോക് ചാൻ മലിതിന് നൽകി മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് പ്രകാശനം ചെയ്യുന്നു**

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**